ഈ സർക്കാർ നടപ്പിലാക്കിയിട്ടില്ലാത്ത പ്രഖ്യാപിത പദ്ധതികൾ

4 (6149) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നടപ്പിലാക്കിയിട്ടില്ലാത്ത പ്രഖ്യാപിത പദ്ധതികൾ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തൽ നടത്തുകയുണ്ടായിട്ടുണ്ടോ ;

(ബി) അവ ഏതൊക്കെയാണെന്ന് വകുപ്പ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(സി) ഇതിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നവ ഏതൊക്കെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അവ വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(ഡി) നടപ്പിലാക്കിയിട്ടില്ലാത്ത സർക്കാർ പ്രഖ്യാപിത പരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് കൂടി തന്നാണ്ടിലെ ബഡ്ജറ്റിൽ ലഭ്യമാണോ ; വിശദമാക്കാമോ ;

(ഇ) നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രമിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതികൾ അതാതുവർഷം തന്നെ നടപ്പിലാക്കുന്നതിന് ഉയർന്ന പരിഗണന നൽകിവരുന്നുമുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ചില പദ്ധതികൾ ഇനിയും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. അവയും നടപ്പിൽവരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വിവിധ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ അവശേഷിക്കുന്ന ബഡ്ജറ്റിൽ പ്രഖ്യാപിച്ച സുപ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും നടപ്പിലാക്കുന്നതിനാവശ്യമായ വിഹിതം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം ഉൾപ്പെടുത്തിയിട്ടില്ലാത്ത പദ്ധതികൾക്ക് ആവശ്യമായ തുക ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തി വരുന്നുണ്ട്. സാങ്കേതികമായ തടസ്സങ്ങൾ പരിഹരിക്കപ്പെടുന്ന മുറയ്ക്ക് പ്രഖ്യാപിച്ച പദ്ധതികളെല്ലാം തന്നെ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly